

Azadi Ka Amrit Mahotsav

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ







# മലബാർ
## ക്രാഫ്റ്റ്സ് മേള 2022

സ്വപ്ന നഗരി, കോഴിക്കോട്

2022 ഒക്ടോബർ 2-16 വരെ

പിന്തുണയ്ക്കുന്നവർ

K-bip
കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്

# മലബാർ
ക്രാഫ്റ്റ്സ് മേള 2022

## വികസനത്തിന്റെ അനന്തസാദ്ധ്യതകൾ തേടി



കേരളത്തിനകത്തും ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഏറ്റവും മികച്ച കൈത്തറി, കരകൗശല പാരമ്പര്യങ്ങൾ ഉയർത്തിക്കാട്ടുക എന്ന ലക്ഷ്യത്തോടെയാണ് **മലബാർ ക്രാഫ്റ്റ്സ് മേള** സംഘടിപ്പിക്കുന്നത്. പരമ്പരാഗത കരകൗശല വിദഗ്ധരെ പ്രോത്സാഹിപ്പിക്കുന്ന ഈ മേളയിലൂടെ വൈവിധ്യവൽക്കരണവും മെച്ചപ്പെട്ട ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണനവും സാധ്യമാകുന്നു.

പരമ്പരാഗത കൈത്തറി, കരകൗശല മേഖലകളുടെ ഉന്നമനം കണക്കിലെടുത്ത് കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പ് 2007 മുതൽ **മലബാർ ക്രാഫ്റ്റ്സ് മേള** സംഘടിപ്പിച്ചു വരികയാണ്. മേളയുടെ വിജയകരമായ നടത്തിപ്പിനായി വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ്.

കേരളത്തിന്റെ തനത് പാരമ്പര്യം വിളിച്ചോതുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു എന്നതിനൊപ്പം സാംസ്കാരിക മേളയുടെ ഭാഗമായി കൂടിയാണ് **മലബാർ ക്രാഫ്റ്റ്സ് മേള** സംഘടിപ്പിക്കുന്നത്. കരകൗശല, കൈത്തറി മേഖലകളിലെ വിദഗ്ധർ, ശിൽപികൾ തുടങ്ങിയവർ ഈ മേളയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഉൽപ്പന്നങ്ങളുടെ പ്രദർശനം മാത്രമല്ല, അവയുടെ നിർമ്മാണ രീതിയും മേളയുടെ തത്സമയ പ്രദർശനത്തിലൂടെ കണ്ടു മനസ്സിലാക്കുവാൻ സാധിക്കുന്നു. നിർമ്മാതാക്കളും ഉപഭോക്താക്കളും തമ്മിലുള്ള നേരിട്ടുള്ള ആശയവിനിമയം സാധ്യമാക്കുന്ന ഈ വേദിയിൽ പുതിയ ബിസിനസ്സ് അവസരങ്ങളുടെ ജാലകങ്ങളും തുറന്നു കിട്ടുന്നു.



## ഇടനിലക്കാർ പുറത്ത്

മലബാർ ക്രാഫ്റ്റ്സ് മേള ഉൽപാദകനും ഉപഭോക്താവും തമ്മിൽ നേരിട്ടുള്ള ആശയവിനിമയം സാദ്ധ്യമാക്കുന്ന വേദിയാണ്. ഉപഭോക്താക്കളുമായി ഉൽപാദകൻ നേരിട്ട് ഇടപെടുന്നത് ഇടനിലക്കാരുടെ ചൂഷണം പൂർണ്ണമായും ഒഴിവാക്കും. മേളയിലെ സ്റ്റാളുകൾ മുഖേന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ ഉൽപാദകന് അവസരം കിട്ടുന്നു. കൂടാതെ ഉൽപ്പന്നങ്ങളുടെ വിപണന സാദ്ധ്യത തേടുന്ന കേരളത്തിനകത്തും പുറത്തുമുള്ള വ്യാപാരികളുടെ സാന്നിധ്യം പുതിയ വ്യാപാര ബന്ധങ്ങളുടെ തുടക്കം കുറിക്കുന്നതിനും അവസരമൊരുക്കുന്നു.

# മലബാർ
ക്രാഫ്റ്റ്സ് മേള 2022

## അവസരങ്ങളുടെ നേരം



കേരളത്തിന്റെ തനത് പാരമ്പര്യം വിളിച്ചോതുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു എന്നതിനൊപ്പം ആ ഉൽപ്പന്നങ്ങൾ രൂപമെടുക്കുന്ന രീതികളും വ്യക്തമാക്കുന്നതാണ് മലബാർ ക്രാഫ്റ്റ്സ് മേള. ഈ ഉൽപ്പന്നങ്ങളുടെ രൂപകൽപ്പനയും ഉൽപാദനവും മനസ്സിലാക്കാനും വിലയിരുത്തുവാനും സന്ദർശകർക്ക് മേള അവസരമൊരുക്കും. കോഴിക്കോട് പോലുള്ള ഒരു സുപ്രധാന ജില്ലയിൽ മേള സംഘടിപ്പിക്കുന്നതിനാൽ ഇന്ത്യക്കകത്തും പുറത്തുമുള്ള സഞ്ചാരികളുടെ സാന്നിധ്യവും പ്രതീക്ഷിക്കുന്നു.

## പ്രധാന ആകർഷണങ്ങൾ



- വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള തനതായ കരകൗശല വസ്തുക്കളുടെയും കൈത്തറി ഉൽപ്പന്നങ്ങളുടെയും പ്രദർശനം
- കോഴിക്കോട് സ്വപ്ന നഗരി ഗ്രൗണ്ടിൽ പ്രമുഖ കലാകാരന്മാരാൽ അനുഗ്രഹീതമാകുന്ന സാംസ്കാരിക സായാഹ്നങ്ങൾ
- കേരളത്തിന്റെ തനതുവിഭവങ്ങൾ ഒരുങ്ങുന്ന ഭക്ഷ്യമേള

മലബാർ ക്രാഫ്റ്റ്സ് മേളയിൽ കേരളത്തിൽ നിന്നും രാജ്യത്തിന്റെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള കലാകാരന്മാരുടെയും/കരകൗശല വിദഗ്ധരുടെയും പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശനവും തത്സമയ നിർമാണവും ഉണ്ടായിരിക്കും. സാംസ്കാരിക പരിപാടികളും കലാരൂപങ്ങളും വിവിധ ഗ്രാമീണ വിഭവങ്ങളും മേളയുടെ ആകർഷണമാണ്.




## കരകൗശല തൊഴിലാളികൾക്കുള്ള സൗകര്യങ്ങൾ

### മേള ദിവസങ്ങളിൽ സൗജന്യ സ്റ്റാളും ഡിഎയും താമസവും

ചുരുക്കത്തിൽ, ചെലവ് കുറഞ്ഞ രീതിയിൽ വ്യാപാരത്തിന്റെ പുതിയ വഴികൾ തേടാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും മലബാർ ക്രാഫ്റ്റ്സ് മേള മികച്ച ഒരു അവസരമാണ്. ഈ മേളയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നവർ രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് 2022 സെപ്റ്റംബർ 15നകം അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സമർപ്പിക്കേണ്ടതാണ്.

# മലബാർ
## ക്രാഫ്റ്റ്സ് മേള 2022







**അടുത്തുള്ള**
**റെയിൽവേ സ്റ്റേഷൻ**
**കോഴിക്കോട്**




## കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

**ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, വെള്ളയിൽ, കോഴിക്കോട് – 673011.**
**ഫോൺ : 0495 2765770, ഇമെയിൽ : diccalicut@gmail.com**

K-bip

**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, തൈക്കാട് പി.ഒ., തിരുവനന്തപുരം – 695 014.
ഫോൺ : +91 471 2321882, ഫാക്സ് : +91 471 2322883
ഇമെയിൽ : kbip@keralaindustry.org
വെബ് : www.kbip.org | www.keralaindustry.org

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 695 033.
ഫോൺ : +91 471 2302774, ഫാക്സ് : +91 471 2305493
ഇമെയിൽ : industriesdirectorate@gmail.com
വെബ് : www.industry.kerala.gov.in

# മലബാർ ക്രാഫ്റ്റ്സ് മേള 2022

സ്വപ്ന നഗരി, കോഴിക്കോട്
2022 ഒക്ടോബർ 2–16 വരെ

# രജിസ്ട്രേഷൻ ഫോറം

പേര് ____________________ ☐ പുരുഷൻ ☐ സ്ത്രീ

സ്ഥാപനത്തിന്റെ പേര് ____________________

മേൽവിലാസം ____________________

____________________

____________________

ജില്ല ____________________ പിൻകോഡ് ____________________

ഫോൺ / മൊബൈൽ ____________________

ഇ–മെയിൽ ____________________

കരകൗശല തിരിച്ചറിയൽ കാർഡ് നമ്പർ ____________________

പ്രദർശിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വിവരങ്ങൾ

1) ____________________

2) ____________________

3) ____________________

4) ____________________

5) ____________________

സ്ഥലം ____________________ ഒപ്പ് ____________________

തീയതി ____________________ പേര് ____________________

**പൂരിപ്പിച്ച അപേക്ഷാ ഫോറം കരകൗശല തിരിച്ചറിയൽ രേഖയുടെ പകർപ്പ് സഹിതം 2022 സെപ്റ്റംബർ 15നകം അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സമർപ്പിക്കേണ്ടതാണ്.**